"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി. - വെസ്റ്റ് കോസ്റ്റ് കനാൽ വികസനം- വേളി മുതൽ പൗണ്ട് കടവ് വരെ കനാൽ വൃത്തിയാക്കൽ - പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2024/CSIND തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം. 26/2014/സി.എസ്.ഐ.എൻ.ഡി, തീയതി 30/9/2014.

2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 15/09/2023 ലെ ഡബ്ല്യൂ7-065/സി.ഇ/ ഐ.എൻ/ 2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം-ആക്കുളം-കഠിനംകുളം റീച്ചിന്റെ വികസനവുമായി ബന്ധപ്പെട്ട് വേളി മുതൽ പൗണ്ട് കടവ് വരെ (ചെ. 16.09 കി.മീ മുതൽ 17.77 കി.മീ) കനാൽ വൃത്തിയാക്കൽ പ്രവൃത്തിക്ക് 5075-60-800-94-SS(P) ശീർഷകത്തിലുൾപ്പെടുത്തി 5.70 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) ഉത്തരവിൻ പ്രകാരം നല്കിയിരുന്നു.

2. മേൽ പ്രവൃത്തിയുടെ കരാർ ലഭിച്ച ശ്രീ.സുന്ദരൻ ബി, ചൈതന്യ, വല്ലം, കൊട്ടാരക്കര എന്ന കരാറുകാരനുമായി 02.06.2017 ൽ കരാർ ഉടമ്പടി വച്ച് 07/06/17 ൽ സൈറ്റ് കൈമാറി നല്കിയിരുന്നതാണെന്നും, 9 മാസം കാലാവധി ഉണ്ടായിരുന്ന പ്രവൃത്തിയുടെ കാലാവധി 12 പ്രാവശ്യം നീട്ടി നൽകിയിരുന്നെന്നും അവസാനം നൽകിയ കാലാവധി 29/09/2021 -ൽ അവസാനിക്കുമ്പോൾ പ്രസ്തുത പ്രവൃത്തിയുടെ 70% മാത്രം കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

3. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വേളി മുതൽ പൗണ്ട്കടവ് വരെയുള്ള കനാലിന്റെ ഭാഗത്ത് 1750 മീറ്റർ നീളത്തിൽ ഗാബിയോൺ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നതനുസരിച്ച് വേളി മുതൽ പൗണ്ട്കടവ് വരെയുള്ള ഭാഗത്ത് 1110 മീറ്റർ നീളത്തിൽ ഗാബിയോൺ സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും പല ഭാഗങ്ങളിലും ചരിഞ്ഞുനിന്ന ഗാബിയോൺ ബോക്സുകൾ ഇളക്കി മാറ്റി പുതുതായി നിർമ്മിക്കുകയും ഇപ്രകാരം നിർമ്മിച്ച സംരക്ഷണഭിത്തിക്ക് മുകളിലായി മുഴുവൻ കോൺക്രീറ്റ് ചെയ്ത് പണിപൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഇനി പൂർത്തിയാക്കേണ്ടതായിട്ടുള്ള 640 മീറ്റർ, നിലവിലെ സാഹചര്യത്തിൽ നിർമ്മിക്കുവാൻ സാധ്യമല്ലായെന്നും, ISRO പാലം കഴിഞ്ഞുള്ള 252 മീറ്റർ ഭാഗം കനാലിനോട് ചേർന്ന് VSSC

യുടെ മതിൽ ചരിഞ്ഞ് നിൽക്കുന്നത് കാരണം മതിൽ പൊളിക്കാതെ സംരക്ഷണഭിത്തി നിർമ്മിക്കാൻ കഴിയില്ലെന്നും, ഇനിയും പ്രവൃത്തി ചെയ്യുവാനുള്ള സ്ഥലത്ത് വീടുകളും, കെട്ടിടങ്ങളും കനാലിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതിനാൽ കനാലിന്റെ വികസനത്തിനനുസരിച്ച് കനാൽ ഭിത്തി നിർമ്മിക്കുവാൻ കഴിയുകയില്ല എന്നും, കനാലിന്റെ വലത് ഭാഗത്ത് കനാലിനോട് ചേർന്ന് വലിയ മരങ്ങൾ ഉൾപ്പെടെ ധാരാളം മരങ്ങൾ മുറിച്ച് മാറ്റേണ്ടതിനാലും ആയത് പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുമെന്നുള്ളതിനാലും പക്ഷികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടും എന്നതിനാലും സംരക്ഷണഭിത്തി നിർമ്മിക്കുവാൻ സാധ്യമല്ല എന്നും കൂടാതെ ടി പ്രവൃത്തിയുടെ കാലാവധി നീണ്ടതുകാരണം പ്രദേശവാസികൾ കൂട്ടമായി പല പ്രതിഷേധങ്ങളും ഉയർത്തുന്നുണ്ട് എന്നും ഇക്കാരണങ്ങളാൽ പ്രവൃത്തി തുടരാൻ സാധ്യമല്ലാത്തതിനാൽ ടി പ്രവൃത്തി ഫോർക്ലോസ് ചെയ്യണമെന്ന് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതായും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കനാലിന്റെ സൈഡിലായി മരങ്ങൾ തിങ്ങിനിറഞ്ഞ് നിൽക്കുന്നതിനാൽ മരങ്ങൾ മുറിച്ചാൽ മാത്രമേ പാർശ്വസംരക്ഷണ ഭിത്തി കെട്ടാൻ കഴിയുകയുള്ളൂ എന്നും നിലവിലെ സാഹചര്യത്തിൽ മരങ്ങൾ മുറിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ, പൊതുജനങ്ങളുടെ എതിർപ്പ് എന്നിവ ഉള്ളതിനാൽ മരങ്ങൾ മുറിച്ച് മാറ്റുവാൻ കഴിയില്ല എന്നും അത് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്ഥലം സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാകയാൽ ടി പ്രവൃത്തി ഫോർക്ലോസ് ചെയ്ത് നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ നൽകണമെന്നും കരാറുകാരനും ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിനാൽ കരാറുകാരന്റെ അപേക്ഷയുടേയും, ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 9 മാസം മാത്രം പൂർത്തീകരണ കാലാവധി ഉണ്ടായിരുന്ന പ്രവൃത്തിയുടെ കാലാവധി 4 വർഷത്തിൽ കൂടുതൽ കാലം ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത് കേരള പി.ഡബ്ല്യൂ.ഡി മാന്വൽ ചട്ടം 2112 ന്റെ ലംഘനമായതിനാൽ ഇക്കാര്യത്തിൽ നിയമാനുസൃതമായ എല്ലാ ഫൈനുകളും കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ സർക്കാരിന് യാതൊരു സാമ്പത്തികനഷ്ടവും ഉണ്ടായിട്ടില്ലെന്ന് ചീഫ് എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണെന്നുമുള്ള നിബന്ധനയോടുകൂടി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി മേൽ പ്രവൃത്തി നിയമാനുസൃതമായി ഫോർക്ലോസ് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല എന്നും, ഇക്കാര്യത്തിൽ കരാർ ലംഘനം ഉണ്ടായിട്ടില്ലെന്നും, ഇനി പൂർത്തീകരിക്കേണ്ടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് തടസ്സരഹിതമായ സ്ഥലം അനുവദിക്കാൻ സാധിക്കാത്തതു കൊണ്ടാണെന്നും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഇനങ്ങൾ പൂർണ്ണമായും നിർവ്വഹിക്കാത്തതിലൂടെ കരാറുകാരന് അനർഹമായ നേട്ടമൊന്നും ഉണ്ടായിട്ടില്ലെന്നും, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ നേരിട്ട് സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തണം.

ii) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിയമാനുസൃതമായി സർക്കാരിലേക്ക് ഈടാക്കേണ്ട

എല്ലാ തുകകളോടൊപ്പം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച മൂലം സർക്കാരിനുണ്ടായിട്ടുള്ള എല്ലാ നഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( I & PW- B3/295/2023/FIN (E 2622194) തീയതി: 8/2/2024)
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ )വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/168/2023/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 14-03-2024 11:09:01
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സി.എസ്.ഐ.എൻ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്